**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2347** **21-01-2021 - ൽ മറുപടിയ്ക്ക്**

**ലീവ് സറണ്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്ക് വാർഷിക ലീവ് സറണ്ടർ മുൻകാല പ്രാബല്യത്തിൽ അനുവദിയ്ക്കുന്നതിന് തടസ്സമുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉത്തരവ് പ്രകാരം; പകർപ്പ് ലഭ്യമാക്കാമോ; | (എ) | സർക്കാർ ജീവനക്കാർക്ക് വാർഷിക ലീവ് സറണ്ടർ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. ഇത് വ്യക്തമാക്കികൊണ്ട് 29.07.1969 ൽ സർക്കുലർ നം 66/69ധന പുറപ്പെടുവിച്ചിട്ടുണ്ട്.പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 5.11.2020 മുതൽ തുക പി.എഫ്. ൽ ലയിപ്പിക്കുമെന്ന വ്യവസ്ഥയിൽ ലീവ് സറണ്ടർ പുനഃസ്ഥാപിച്ച സാഹചര്യത്തിൽ 16.4.2020 മുതൽ മൂന്ന് മാസത്തേക്കും പിന്നീട് ഘട്ടം ഘട്ടമായി 4.11.2020 വരെയും സറണ്ടർ മരവിപ്പിച്ച കാലയളവിൽ സറണ്ടറിന് അപേക്ഷിച്ചവർക്ക് അവർ അപേക്ഷിച്ച തീയതി പ്രാബല്യത്തിൽ സറണ്ടർ അനുവദിക്കുന്നതിന് തടസ്സമുണ്ടോ; | (ബി) | സർക്കാർ ജീവനക്കാർക്ക് വാർഷിക ലീവ് സറണ്ടർ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. ഈ വ്യവസ്ഥ വ്യക്തമാക്കി പുറപ്പെടുവിച്ച 29.07.1969 ലെ സർക്കുലർ നം 66/69/ധന അനുബന്ധമായി ചേർക്കുന്നു. 16.04.2020-ലെ സ.ഉ.(പി) നം.42/2020/ധന നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കാനുണ്ടായിരുന്ന എല്ലാ ബില്ലുകൾക്കും ടി ഉത്തരവ് ബാധകമാക്കുകയും പണമാക്കി മാറ്റാതെ ശേഷിക്കുന്ന എല്ലാ ഉത്തരവുകളും റദ്ദാക്കി അവധി തിരികെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. 05.11.2020-ലെ സ.ഉ.(അ) നം.152/2020/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 2020 നവംബർ മുതൽ അപേക്ഷ സമർപ്പിക്കുന്ന തീയതി പ്രാബല്യത്തിൽ മാത്രമേ ആർജ്ജിതാവധി സറണ്ടർ അനുവദിക്കുവാൻ വ്യവസ്ഥയുള്ളൂ. |
| (സി) | റിട്ടയർ ചെയ്യാൻ ഏതാനും വർഷം മാത്രം ബാക്കിയുള്ള ജീവനക്കാർ ടെർമിനൽ സറണ്ടറിനായി അവരുടെ ലീവ് അക്കൗണ്ടിൽ പരമാവധി ലീവുകൾ സൂക്ഷിച്ചുവയ്ക്കുന്നതിന് വാർഷിക സറണ്ടറുകൾ ഒഴിവാക്കുകയും എന്നാൽ 300 എണ്ണത്തിൽ കവിയാതിരിക്കാൻ ഏതാനും ലീവുകൾ മാത്രം വാർഷികമായി സറണ്ടർ | (സി) | കെ.എസ്.ആർ ഭാഗം 1 ചട്ടം 78 പ്രകാരം ലീവ് അക്കൗണ്ടിൽ ചേർത്ത് വയ്ക്കാവുന്ന പരമാവധി ആർജ്ജിതാവധിയുടെ എണ്ണം 300 ആണ്. ക്രെഡിറ്റിലെ ലഭ്യതയ്ക്ക് വിധേയമായി മിനിമം പരിധിയില്ലാതെ ഒരു സാമ്പത്തിക വർഷം പരമാവധി 30 ആർജ്ജിതാവധി സറണ്ടർ ചെയ്യാവുന്നതാണ്. |

| | | | |
|---|---|---|---|
| | ചെയ്യുകയും ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | ലീവ് സറണ്ടർ മരവിപ്പിച്ച കാലയളവിൽ 300 എന്ന പരമാവധി എണ്ണം കവിഞ്ഞ് ലീവ് നഷ്ടവും അതു മൂലമുള്ള സാമ്പത്തിക നഷ്ടവും ഒഴിവാക്കാൻ സറണ്ടറിന് അപേക്ഷിച്ചവർക്ക് അത് അനുവദിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ഡി) | കെ.എസ്.ആർ ഭാഗം 1 ചട്ടം 78 പ്രകാരം ലീവ് അക്കൗണ്ടിൽ ചേർത്ത് വയ്ക്കാവുന്ന പരമാവധി ആർജ്ജിതാവധിയുടെ എണ്ണം 300 ആണ് എന്നതിനാൽ ഇത്തരം പരാതികൾക്ക് പ്രസക്തിയില്ല. |
| (ഇ) | ഇപ്രകാരം സറണ്ടർ അനുവദിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; | (ഇ) | ലഭിച്ചിട്ടുണ്ട്. |
| (എഫ്) | എങ്കിൽ ജീവനക്കാരുടേതല്ലാത്ത കാരണത്താൽ സറണ്ടർ അനുവദിക്കാത്തതുമൂലം ലീവ് നഷ്ടവും അത് മൂലം സാമ്പത്തിക നഷ്ടവും വന്നവർക്ക് അത് പരിഹരിക്കാൻ പ്രസ്തുത കാലയളവിലെ സറണ്ടർ അപേക്ഷകൾക്ക് മുൻകാല പ്രാബല്യം അനുവദിക്കുമോ; വിശദമാക്കുമോ? | (എഫ്) | ആർജ്ജിതാവധി സറണ്ടർ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. 29.07.1969-ലെ 66/69/ധന നമ്പർ സർക്കുലർ പ്രകാരം ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

## Finance Department

## CIRCULAR

No. 66/69/Fin., dated, Trivandrum, 29th July 1969.

*Sub*:—Rules—Earned leave—Surrender of—Clarification—Issued.

*Ref*:—Letter No. GA7/D/1040, dated 4th July 1969 from the Accountant General, Kerala.

In the letter cited, that the Accountant General has raised a point for clarification whether the officers may be permitted to surrender earned leave for 15 days retrospectively. He has cited the case of an officer who was permitted by the sanctioning authority to surrender earned leave for 15 days from 1st February 1969 even though the application for surrender was put in on 25th April 1969.

2. Government have examined the question and they wish to clarify that retrospective surrender of earned leave is not permissible.

K. RAMAN NAIR,
*Deputy Secretary*.

GOVERNMENT OF KERALA

**Finance Department**

CIRCULAR

No. 66/69/Fin., dated, Trivandrum, 29th July 1969.

*Sub*:—Rules—Earned leave—Surrender of—Clarification—Issued.

*Ref*:—Letter No. GA7/D/1040, dated 4th July 1969 from the Accountant General, Kerala.

In the letter cited, that the Accountant General has raised a point for clarification whether the officers may be permitted to surrender earned leave for 15 days retrospectively. He has cited the case of an officer who was permitted by the sanctioning authority to surrender earned leave for 15 days from 1st February 1969 even though the application for surrender was put in on 25th April 1969.

2. Government have examined the question and they wish to clarify that retrospective surrender of earned leave is not permissible.

K. RAMAN NAIR,

*Deputy Secretary.*